GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.28/2026 13.02.2026

# വൈഗ 2026 - B2B മീറ്റ്: കർഷകരെയും വിപണിയെയും ബന്ധിപ്പിക്കുന്ന ശക്തമായ വ്യാപാര വേദിക്ക് തുടക്കം

തിരുവനന്തപുരം: കാർഷിക ഉൽപ്പന്നങ്ങൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും ഉറപ്പുള്ള വിപണി സൃഷ്ടിച്ച് കർഷകരുടെ വരുമാനം വർധിപ്പിക്കുന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച **VAIGA 2026** ബിസിനസ്-ടു-ബിസിനസ് (B2B) മീറ്റിന് തിരുവനന്തപുരം ആനയറയിലെ ഹോട്ടൽ ഓ ബൈ താമര വേദിയിൽ തുടക്കമായി. B2B മീറ്റിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി **പി. പ്രസാദ്** നിർവഹിച്ചു. ഹരിയാന കൃഷിവകുപ്പ് മന്ത്രി **ശ്യാം സിംഗ് റാണ** മുഖ്യാതിഥിയായി പങ്കെടുത്തു.

വൈഗ സംസ്ഥാനത്തിന്റെ അഭിമാനകരമായ പരിപാടിയാണെന്നും ഇത് ഒരു പ്രദർശനം മാത്രമല്ല, കർഷകരുടെ കൈകളിൽ കൂടുതൽ വരുമാനം എത്തിക്കുന്ന നയപരമായ ഇടപെടലാണെന്നും മന്ത്രി പി. പ്രസാദ് പറഞ്ഞു. ഉൽപ്പാദന വർധന മാത്രം പോരെന്നും, മൂല്യവർധന, ബ്രാൻഡിംഗ്, പ്രോസസ്സിംഗ്, വിപണി ബന്ധം എന്നിവ ശക്തിപ്പെടുത്തിയാലേ കർഷകർക്കു മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കാനാകൂ എന്നും അദ്ദേഹം വ്യക്തമാക്കി. B2B മീറ്റിൽ 134 ഉൽപാദകരും 84 വ്യാപാരികളും പങ്കെടുത്തു. കർഷകർ, FPOകൾ, കർഷക കൂട്ടായ്മകൾ, കാർഷിക സ്റ്റാർട്ടപ്പുകൾ, സംരംഭകർ എന്നിവരാണ് ഉൽപാദക വിഭാഗത്തിൽ ഉൾപ്പെട്ടത്. റീട്ടെയിൽ ശൃംഖലകൾ, പ്രോസസ്സിംഗ് യൂണിറ്റുകൾ, വലിയ വ്യാപാര സ്ഥാപനങ്ങൾ, കയറ്റുമതി പ്രതിനിധികൾ എന്നിവരാണ് വ്യാപാരി വിഭാഗത്തിൽ പങ്കെടുത്തത്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവരിൽ നിന്ന് പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പങ്കെടുക്കുന്നവരെ തെരഞ്ഞെടുത്തത്. ഇടനിലക്കാരില്ലാതെ ഉൽപാദകരെയും വിപണിയെയും നേരിട്ട് ബന്ധിപ്പിക്കുന്ന പ്രായോഗിക പ്ലാറ്റ്ഫോമാണ് B2B മീറ്റ്. സംസ്ഥാനത്ത് കാർഷിക മേഖലയിലെ വളർച്ച 4.6 ശതമാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് കർഷക വരുമാനമായി പൂർണമായി പ്രതിഫലിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. അതിനായി ഉൽപ്പാദനത്തിൽ നിന്ന് മൂല്യവർധിത ഉൽപ്പന്ന വികസനത്തിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് സർക്കാർ. 23,000-ത്തിലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചതും കേരഗ്രാമം, കൂൺഗ്രാമം പോലുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതും ഈ ദിശയിലുള്ള ഇടപെടലുകളാണെന്നും അദ്ദേഹം

കൂട്ടിച്ചേർത്തു. GI പദവി ലഭിച്ച ഉൽപ്പന്നങ്ങൾക്കും സംസ്ഥാന ബ്രാൻഡിംഗിനും പ്രത്യേക പ്രാധാന്യം നൽകുന്ന നടപടികൾ പുരോഗമിക്കുന്നു. കേരള ഗ്രോ ബ്രാൻഡിംഗ് വഴി ഉൽപ്പന്നങ്ങളുടെ വിപണി വികസനം ലക്ഷ്യമിടുന്നു. കാർഷിക വിപണനത്തിനും മൂല്യവർധിത വ്യാപാരത്തിനുമായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) മുഖേന 80 കോടി രൂപയുടെ നിക്ഷേപത്തോടെ ആനയറയിൽ പുതിയ അടിസ്ഥാന സൗകര്യ വികസനവും പുരോഗമിക്കുകയാണ് മന്ത്രി പറഞ്ഞു.

കാർഷിക സംസ്കാരത്തിൽ അധിഷ്ഠിതമായ രാജ്യത്ത് ജൈവ-പ്രകൃതി കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകണം ചടങ്ങിൽ മുഖ്യാതിഥിയായ ഹരിയാന കൃഷിവകുപ്പ് മന്ത്രി ശ്യംസിങ് റാണ പറഞ്ഞു. കേരള സർക്കാർ സംഘടിപ്പിക്കുന്ന B2B പോലുള്ള വിപണി-കേന്ദ്രിത പരിപാടികൾ മാതൃകാപരമാണെന്നും, ഇതുപോലുള്ള പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളിലും നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. തന്റെ 200 ഏക്കർ ഫാമിൽ റാഗി, ചോളം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്ന അനുഭവവും അദ്ദേഹം പങ്കുവെച്ചു. വിവിധ ക്ലസ്റ്റർ കൃഷി, തേനീച്ച വളർത്തൽ, കൂൺ കൃഷി, ഫുഡ് പ്രോസസ്സിംഗ് പദ്ധതികൾ എന്നിവയും മന്ത്രി വിശദീകരിച്ചു.

B2B മീറ്റ് വേദിയിൽ കാർഷിക യന്ത്രവൽക്കരണ രംഗത്ത് ശ്രദ്ധേയമായ മൂന്ന് പ്രധാന വ്യാപാര ഇടപാടുകൾ നടന്നു. വൈഗ കാർഷിക മേളയിൽ അനാവരണം ചെയ്ത കാംകോ (KAMCO)യുടെ ആദ്യ ഇലക്ട്രിക് റീപ്പർ 'വിദ്യുത് 120 E'യുടെ ആദ്യ ആദ്യ വിൽപ്പന ഓർഡർ (₹10 ലക്ഷം മൂല്യം), ഛത്തീസ്ഗഢിലെ ഡീലറായ Reliable Distributor ന് നൽകിക്കൊണ്ട് കൃഷി വകുപ്പ് മന്ത്രി **പി. പ്രസാദ്** നിർവഹിച്ചു. കൂടാതെ കാംകോയുടെ ബിസിനസ് അസോസിയേറ്റ് ആയ Ciyon Tech Global, എത്യോപ്യയിലേക്കുള്ള അൻപത് ലക്ഷം രൂപ മൂല്യമുള്ള എക്സ്പോർട്ട് ഓർഡർ മന്ത്രിക്ക് വേദിയിൽ വെച്ച് കൈമാറി. ത്രിപുര ഗവൺമെന്റുമായി ചേർന്ന് കർഷകർക്കുള്ള കാർഷിക യന്ത്രങ്ങളായ പവർ ടില്ലർ, പവർ റീപ്പർ എന്നിവ ഉൾപ്പെടുന്ന 75 ലക്ഷം രൂപയുടെ ഓർഡർ കാംകോയുടെ ഡീലറായ ലോകനാഥ് അഗ്രോ കൃഷി മന്ത്രിക്ക് സമർപ്പിച്ചു. ഈ ഇടപാടുകൾ B2B മീറ്റിലൂടെ കാർഷിക യന്ത്രങ്ങളുടെ ആഭ്യന്തര-അന്തർദേശീയ വിപണി സാധ്യതകൾ ശക്തിപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു.

വൈഗ 2023-ൽ ഏകദേശം 40 കോടി രൂപയുടെ വ്യാപാര കരാറുകൾ B2B മീറ്റിലൂടെ നടപ്പായിരുന്നുവെന്നും, ഇത്തവണ അതിലും വലിയ വ്യാപാര സഹകരണങ്ങൾ രൂപപ്പെടുമെന്ന പ്രതീക്ഷയുണ്ടെന്നും ചടങ്ങിൽ അധ്യക്ഷനായ കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിടരാമൻ ഐ.എ.എസ്. പറഞ്ഞു. സംസ്ഥാനത്തെ കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യം വെച്ചാണ് കാബ് കാ (KABCO) രൂപീകരിച്ചിട്ടുള്ളതെന്നും മൂല്യവർധിത ഉല്പന്നങ്ങളിലെ വൈവിദ്ധ്യവത്കരണത്തിലൂടെ മാത്രമേ നമുക്ക് ഇത് സാധ്യമാവുകയുള്ളു അദ്ദേഹം സൂചിപ്പിച്ചു. KABCO അഡിഷണൽ മാനേജിങ് ഡയറക്ടർ സജു കെ. സുരേന്ദ്രൻ IES സ്വാഗതം ആശംസിച്ചു.

പങ്കെടുത്ത പ്രധാന അതിഥികൾ:

- രൺവീർ സിംഗ് – ഡയറക്ടർ ജനറൽ ഓഫ് ഹോർട്ടികൾച്ചർ, ഹരിയാന
- നാഗേഷ് കുമാർ അനുമല – ചീഫ് ജനറൽ മാനേജർ, **NABARD**
- ഡോ. അലൻ തോമസ് – ഡയറക്ടർ & പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, K-Ag Tech

- രാജേഷ് കുമാർ S – മാനേജിങ് ഡയറക്ടർ, SFAC-കേരളം
- പ്രദീപ് ബോല – ഡെപ്യൂട്ടി ഡയറക്ടർ, ഹരിയാന സർക്കാർ
- വിനോദ് റായർ – അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കർണാടക
- അഷിത് കെ താങ്ക് – അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഗുജറാത്ത്
- പേമ്പാ സെർപ്പ – മാർക്കറ്റിംഗ് മാനേജർ, സിക്കിം സർക്കാർ

B2B മീറ്റിലൂടെ രൂപപ്പെടുന്ന ദീർഘകാല വ്യാപാര പങ്കാളിത്തങ്ങൾ സംസ്ഥാനത്തിന്റെ കാർഷിക-സംരംഭക വളർച്ചയ്ക്ക് വലിയ ഉത്തേജനമാകുന്ന വേദിയായി B2B മീറ്റ്. പങ്കെടുത്ത എല്ലാ ഉൽപാദകരെയും വ്യാപാരികളെയും കൃഷി മന്ത്രി അഭിനന്ദിച്ചു. B2B മീറ്റിലൂടെ രൂപപ്പെടുന്ന ദീർഘകാല വ്യാപാര പങ്കാളിത്തങ്ങൾ സംസ്ഥാനത്തിന്റെ കാർഷിക-സംരംഭക വളർച്ചയ്ക്ക് വലിയ ഉത്തേജനമാകുമെന്ന് അദ്ദേഹം ആശംസിച്ചു. ഉദ്ഘാടന ചടങ്ങിന് SFAC കേരള മാനേജിങ് ഡയറക്ടർ രാജേഷ് കുമാർ എസ് നന്ദി പ്രകാശിപ്പിച്ചു.

വൈഗയുടെ ഭാഗമായി ഫെബ്രുവരി 16 തിങ്കളാഴ്ച്ച ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ കർഷക പാർലമെന്റും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തെ 140 മണ്ഡലങ്ങളിൽ നിന്നുള്ള പ്രതിനിധി കർഷകർ പങ്കെടുക്കുന്ന ഈ വേദി നയരൂപീകരണത്തിൽ കർഷക പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് അധികൃതർ അറിയിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**